# വളക്കിലുക്കം

മാമകാത്മാവിൽ പ്രതിധ്വനിച്ചീടുന്നു

മാദകമേതോ വളക്കിലുക്കം–

ഭൂവിലനാദ്യന്തമായി മുഴുങ്ങുന്ന

ജീവിതത്തിന്റെ വളക്കിലുക്കം;

ഓതുന്നിതോരോ കിലുക്കവുമെന്നോടു

വേദനയെന്ന മഹാചരിത്രം.

# ഉലഞ്ഞാൽ ജയിച്ചു!

തൂവികാരങ്ങൾ നീന്തിത്തുടിയ്ക്കുമി–

ജ്ജീവിതത്തിന്നപാരതയിങ്കൽ ഞാൻ

ആശതൻ നൂൽച്ചരടിൻ തലപ്പിലെ–

ന്നാശയത്തിൻ കരങ്ങൾ മുറുകവേ

ഭാവി തൂകും വെളിച്ചത്തിൽ നവ്യമാം

ഭാവനയെ വിടർത്തിയെറിയാവൂ!

കിട്ടുമോ ഫലം; അല്ലാ, പരാജയ–

പ്പെട്ടുപോകുമോ? ചോദിപ്പതില്ല ഞാൻ.

നന്നു കിട്ടിയാൽ,ക്കിട്ടാതിരിയ്ക്കിലും;

എന്നുമെന്റെ ചുമതലയൊന്നുതാൻ!

ഈക്കടലിങ്കലീ വല വീശണം,

നോക്കിനോക്കിക്കരയ്ക്കിരുന്നീടണം.

വേറെ ലാഭങ്ങളൊന്നുമില്ലെങ്കിലും

നേരിലീ വല വീഴ്കവേ വീഴ്കവേ

ഒന്നുലയാതിരിയ്ക്കാ തരംഗിണി;

ഒന്നുലഞ്ഞാൽജ്ജയിച്ചൂ ജയിച്ചു ഞാൻ!

# ഒരേ വാക്ക്

ഫലഭാരത്താൽത്താണത്തൈമാവു നിൽപ്പൂ തോപ്പിൽ,

ഉലയുന്നുണ്ടാ മാറിൽ മുളകിൻകൊടി കാറ്റിൽ;

മടിയാലോത്തിന്നിടയ്ക്കൊളിവിൽച്ചാടിപ്പോന്ന

വടുവാണതെന്നേ നോക്കൊരു നോട്ടത്തിൽത്തോന്നൂ.

അന്തി കയ്യണയ്ക്കുന്നൂ പേനെടുക്കുവാൻ വെമ്പു–

മമ്മയെപ്പോലാ മാവിൻ മൂർദ്ധാവിലൌത്സുക്യത്താൽ.

2

ഹാ, ഞാനോ, ഞാനക്കുളപ്പുരയിൽപ്പടിഞ്ഞിരു–

ന്നാലപിയ്ക്കുന്നൂ വേദം, കുണുങ്ങിക്കയ്യും നോക്കി;

തൂണിമേ•ൽക്കാലേറ്റിയപ്പടിമേലരയ്ക്കൊറ്റ–

ക്കോണവുമായിഗ്ഗുരു നിദ്രകൊൾകയാം; പക്ഷേ,

കണ്ണൊന്നു ചലിച്ചെങ്കിൽ – എന്തിനു? – വീർപ്പിട്ടാലെൻ

കർണ്ണത്തിലൊപ്പം വീഴും ഭർത്സനപ്രഹരങ്ങൾ.

3

ചൂതമെൻ നേരേ നോക്കിക്കുണുങ്ങിച്ചിരിയ്ക്കുന്നൂ

സ്വാതന്ത്ര്യമദത്താ; ലെന്നുള്ളമോ പിടയുന്നൂ!

ചാടണം പുറത്തേയ്ക്കു, കല്ലെടുത്തെറിയണം,

നേടണം തേ•ാമ്പഴ,മെന്നിട്ടൊന്നലറണം!

4

സ്വരമൊന്നു ഞാൻ തെറ്റിച്ചൊല്ലിപ്പോയ്; പേടിച്ചൂ ഞാൻ

ഗുരുവിൻ കണ്ണെൻ മുഖത്തശ്മഖണ്ഡംപോൽ വീഴ്കെ.

ഉടനേ രാവിന്നെ,ങ്ങൾക്കിടയിൽത്തിരശ്ശീല–

യിടുവാൻ തോന്നീ – ചിരഞ്ജീവിയാകാവൂ രാവേ!

ദാവാഗ്നിച്ഛടയാർന്ന രൗദ്രമാ നോട്ടത്താലെൻ

ജീവിതം വെറും നീറായ്ത്തീരാതെ കഴിഞ്ഞല്ലോ!

5

തൂനിലവിളക്കിനാൽത്തേവാരമുറി, വെള്ളി–

പ്പൂനിലാവിനാൽ തൊടി സുസ്മിതം തൂകീ രണ്ടും.

പ്രണവം ജപിക്കുന്നൂ പടിമേലിരുന്നിട്ട–

ഗ്ഗുണി; ഞാൻ പഴമീമ്പിസ്സീൽക്കാരം ജനിപ്പിപ്പൂ;

തന്നാത്മാവിനെക്കെട്ടിനിർത്തുവാൻ ഗുരു വെമ്പി;–

യെന്നാത്മാവിനെദ്ദൂരാൽ വിട്ടയയ്ക്കുവാൻ ഞാനും.

6

തിരികേ ചെന്നേൻ; മുഖം മാതളപ്പൂപോൽപ്പെട്ടെ–

ന്നരുണമായിക്കണ്ടൂ; നിന്നു ഞാൻ ശിലപോലെ!

മൽക്കുടന്നകൾ രണ്ടുമൊന്നിച്ചു പിടിച്ചുംകൊ–

ണ്ടുൽക്കടമെൻ നേർക്കൊന്നു നോക്കിയഗ്ഗുരുദേവൻ.

മങ്ങിയെൻ നയനങ്ങൾ, പകച്ചുവിറച്ചൂ ഞാ;–

നങ്ങിനെ നിന്നൂ മൂകനിമിഷങ്ങളെൻ മുമ്പിൽ:

ഓരോരോ നിമിഷത്തിനുള്ളിലും കുടിപാർക്കാ–

മോരോരോ നൂറ്റാണ്ടിന്നെന്നോതുന്നൂ കരളിന്നും.

7

അത്ഭുതമെന്നേ വേണ്ടൂ തൽക്ഷണമെൻ കൈ വിട്ടി–

ട്ടദ്ദേഹമോതീ വിഷാദോ•ിഷൽസ്മിതപൂർവ്വം;

‘‘ഉണ്ണി, നിൻ കയ്യെങ്ങാനും നൊന്തുവോ?–നിർബ്ബന്ധിപ്പീ–

ലിന്നി ഞാനൊന്നും; ‘സന്ധ്യ’ മുട്ടിയാൽ മുട്ടിക്കോട്ടെ’’

അദ്ദേഹമെൻ കയ്യുഴിഞ്ഞിങ്ങിനെ ചൊന്നപ്പോളെ–

ന്നക്ഷിയിൽപ്പൊടിഞ്ഞുപോയാത്മാവിൻ കണികകൾ.

8

ആയിരം പരിപൂതമന്ത്രമെൻ തലച്ചോറി–

ലാഞ്ഞടിച്ചേറ്റാനായി ക്ലേശിച്ച ജിഹ്വാഗ്രമേ,

സ്നിഗ്ദ്ധമാമീ വാക്കൊന്നാൽ ഹൃത്തിലേയ്ക്കണഞ്ഞ നീ–

യബ്ദങ്ങൾ കടന്നെത്തിയിപ്പൊഴും മന്ത്രിയ്ക്കുന്നൂ:

‘‘ഉണ്ണീ, നിൻ കയ്യെങ്ങാനും നൊന്തുവോ?–നിർബ്ബന്ധിപ്പീ–

ലിന്നി ഞാനൊന്നും; ‘സന്ധ്യ’ മുട്ടിയാൽ മുട്ടിക്കോട്ടെ..’’

# പുഷ്പഗീതി

ഭൂരിഭൂതിമത്താവിതൻ വാഗ്ദാനം

ഭൂവിനേകുന്ന ശുക്രനക്ഷത്രമേ,

ഹാ, വിഷം വമിച്ചീടവേ രാത്രി,യി–

പ്പൂവണികളാം ഞങ്ങൾ മൂർച്ഛിക്കവേ

ആശയാം ജീവനൗഷധമാർന്നു പൂ–

ർവ്വാശയിങ്കലേയ്ക്കെത്തിയല്ലോ ഭവാൻ!

ഏതവശന്റെ ചോരക്കുഴലിലും

ചേതനച്ചൂടൊഴുക്കും ദയാനിധേ,

പൊയ്തുകൊൾക; കതിരിൻ കണകളാ–

ലെയ്തരിതൻ കരളു പിളർക്കുക.

2

ത്വൽപ്രചോദിതരെങ്ങൾതൻ ഹൃത്തുകൾ

പൊൽപ്രകാശം പുണർന്നു വിരിയവേ

വക്കിനോളം നികന്നു തികലുന്നൂ

വാക്കെഴാത്ത മധുരമാം സന്തോഷം.

മൂകമസ്മ•നസ്സിൽപ്പുരളുന്ന

ശോകപൂർണ്ണമാം പൂർവ്വസ്മരണകൾ

അക്രമീകരണക്ഷമം പൊങ്ങിപ്പോയ്–

ച്ചക്രവാളത്തിലോളമകലുന്നൂ,

ഈയുദയാചലത്തിൻ പുറകിൽനി–

ന്നായുയരും മുകിലണിപോലവേ.

ആവതില്ലാത്ത ഞങ്ങൾതൻ ചിത്തത്തിൻ

പാവനത്വം കൊടുത്ത ചിറകുമായ്

നിൻ ചുഴലവും പറ്റിപ്പറക്കുന്നു

പഞ്ചവർണ്ണക്കിളിപോൽക്കൃതജ്ഞത!

പൊയ്തുകൊൾക; കതിരിൻ കണകളാ–

ലെയ്തരിതൻ കരളു പിളർക്കുക.

ചീറുമസ്ത്രം തറയ്ക്കയാലല്ലിന്റെ

ചോര, പക്ഷേ പൊടിയ്ക്കിലും പ്രാചിയിൽ,

ഇപ്പതിതരാമെങ്ങൾതൻ തോഷാശ്രു–

വപ്പൊഴേയ്ക്കും കഴുകിക്കളയില്ലേ?

അങ്ങയിൽക്കൂടുകൂട്ടിയിരിയ്ക്കയാം

ഞങ്ങൾതൻ ദ്രുതചിത്തത്തുടിപ്പുകൾ!

ഏതുറങ്ങും കരളിനും നൂതന–

ബോധമേകുന്ന ശുക്രനക്ഷത്രമേ,

പൊയ്തുകൊൾക; കതിരിൻ കണകളാ–

ലെയ്തരിതൻ കരളു പിളർക്കുക.

# പാവപ്പെട്ട ധാത്രി

പട്ടണപ്രകമ്പത്താൽക്കാതടഞ്ഞാ,ത്മാവെ,ന്നെ–

പ്പെറ്റ കുഗ്രാമത്തിന്റെ മൂകത നുണയ്ക്കുമ്പോൾ

പൂകിനേൻ ഗൃഹ – മോണമല്ലയോ? മാതാവൂട്ടീ

പൂർണ്ണവാത്സല്യം; ഞാനോ തേട്ടിയൊന്നത്യുച്ചത്തിൽ.

കളഭാഷിണിയെൻകൊച്ചനുജത്തിയന്ന,ല്ലിൻ

കുളിരാ നട്ടുച്ചയ്ക്കുമെന്റെ ചുറ്റിലും വീശി

ആയിരം കുറിയന്നാളവളെ, ''ത്തുലാം പൊട്ടാ–

റായെ''ന്നു കാലാൽപ്പൊക്കിക്കളിപ്പിച്ചു ഞാൻ വീഴ്ത്തീ;

ഒന്നു വീഴുകി,ലെന്റെ 'മണി'തന്നലാറംപോ–

ലൊന്നു കൂവണമവൾക്കെ,ങ്കിലേ രസം നിൽക്കൂ!

****

ചാരിയ കവാടമൊന്നനങ്ങീ; നോക്കീ ഞാ,നെൻ

ചാരവേ ഭക്ത്യു•ിഷദ്ദൃഷ്ടിയായ് നില്പൂ 'ലക്ഷ്മി'!

അവളെന്നില്ലത്തൊരു ഭൃത്യയായെത്തിച്ചേർന്ന–

തറുപത്തഞ്ചോണത്തിൻ പിന്നിലെക്കഥയല്ലേ?

ഇച്ഛപോ,ലാ വക്ഷസ്സേ തൊട്ടിലാക്കീട്ടുണ്ടെന്റെ–

യച്ഛനു,മതിൽപ്പിന്നെ മക്കളിലോരോ പേരും.

****

അന്തസ്സെൻ നിടിലത്തെച്ചുളിയ്ക്കെ,ബ്ഭയോദ്രിക്ത–

ചിന്തയക്കണ്ണിൽക്കണ്ടൂ; ചോദിച്ചേ,‘‘നെന്താവശ്യം?’’

‘‘തൃക്കൈകൊണ്ടടിയന്നു മേലിടാനൊന്നെ,’’ന്നവൾ

വിക്കവേ ക്ഷണാലെന്തോ, തുളുമ്പിപ്പോയെൻ നേത്രം!

നനവാർന്നു, ഹാ, കാലജീർണ്ണത കാണാവുമാ–

നയനങ്ങളും; ലക്ഷ്മി മൂകമായ് നിന്നൂ ഞാനും.

****

നിറന്നൂ കുതികൊള്ളും കാലത്താൽപ്പൊടി പൂണ്ട

നിനവാ മിഴിനീരാൽ ക്ഷാളിതമാവുംതോറും:

‘എച്ചുമി’ ‘പിച്ചാപിച്ചാ’ പഠിപ്പിച്ചാളന്നെന്നെ;–

‘യെച്ചുമി’ ധരിപ്പിച്ചാളന്നെന്നെ‘ക്കാക്കേ പൂച്ചേ’.

പുലരിയ്ക്കെഴും നട,യംബരത്തിങ്കൽപ്പൂത്ത

മലരുമറുത്തെത്തുമംശുമാൻ തുറക്കുമ്പോൾ

നിദ്രയെൻ കണ്ണിൽത്തങ്ങിനില്ക്കെയന്നിരിപ്പാവും

ഭദ്രമാം തന്നൊക്കിലാ കൈക്കെട്ടിലമർന്നീ ഞാൻ;

എന്നെയും ചുമന്നെത്തും ദക്ഷിണാമൂർത്തിക്ഷേത്ര–

സന്നിധിയിങ്കൽ; ക്കുളിപ്പിച്ചുടൻ മുടി കെട്ടും;

അരയിൽത്തിളങ്ങും പൊന്നേലസ്സിൻ ചെമ്പട്ടുനൂൽ–

ച്ചരടു മുറുക്കു;– മക്കൂമ്പാളയുടുപ്പിയ്ക്കും;

തെല്ലിട മിഴിനട്ടു നിന്നുപോമവ; – ളീഷൽ–

ഫുല്ലമെൻ തുടുചുണ്ടിലൊന്നു ചുംബിയ്ക്കും പിന്നെ!

നിറന്നൂ കുതിച്ചുപോം കാലത്താൽപ്പൊടി പൂണ്ട

നിനവാ മിഴിനീരാൽക്ഷാളിതമാവുംതോറും:

‘എച്ചുമി’‘പിച്ചാ പിച്ചാ’ പഠിപ്പിച്ചാളന്നെന്നെ;–

‘യെച്ചുമി’ധരിപ്പിച്ചാളന്നെന്നെ ‘ക്കാക്കേ പൂച്ചേ.’

****

ഉന്നിദ്രമുഴറിയെൻ മാനസമന്നാ വൃദ്ധ–

തന്നരക്കെട്ടിൽത്തൂങ്ങിയുറക്കെത്തേങ്ങിക്കേഴാൻ.

അന്തസ്സു തടഞ്ഞൂ, ഞാനാളെത്ര വലുതായെ;–

ന്നന്തരംഗമോ വിമ്മീ കാട്ടാറുപോലേ വീണ്ടും.

ഒടുവെൻ പരിക്ഷീണപാണികളൊരു കോടി–

പ്പുടവ, വിറച്ചുംകൊണ്ടവൾക്കു സമ്മാനിയ്ക്കെ,

സന്തോഷം കുടുകുടെച്ചിന്നിയക്കവിളിലും;

സന്തൃപ്തി വെളുവെളെമിന്നിയച്ചൊടിയിലും!

എങ്കിലും, കനംതൂങ്ങിത്താഴുകയല്ലോ ചെയ്വ–

തെൻ കരളതുമുതൽക്കെന്തിനോ പിന്നെപ്പിന്നെ!

## എന്താവണം?

ചീറ്റട്ടെ വിപ്ലവബോധമേ, നിൻ കൊടും

കാറ്റെൻ തുടുനിണച്ചാലിലെല്ലാം!

മൈലാഞ്ചിയാവരുതിന്നുതൊട്ടെൻ തളിർ

ക്കാലടികൾക്കു തുടുപ്പു ചേർക്കാൻ;

ആവണമെന്തി,പ്പഴമ നിഹതമാ–

മാ വൻപടനിലത്തുള്ള രക്തം.

താലിയാവൊല്ലെൻ കഴുത്തിലിന്നാൾമുതൽ

ചേലുറ്റ മംഗല്യശ്രീ പൊഴിക്കാൻ;

ആവണമെന്തീ, മനയ്ക്കലൊളിച്ചിടു–

മാന്ധ്യത്തിൻ ചെങ്കുടൽമാല മാത്രം.

ചന്ദനച്ചാറിനാലാവരുതിന്നിമേൽ–

സ്സുന്ദരമാമെൻ വരക്കുറികൾ;

ആവണമെന്തിനാൽ, ഞാനേറ്റു വീഴ്ത്തിടു–

മാലസ്യത്തിൻ മെയ്ക്കൊഴുപ്പിനാലേ.

ദേവനാമങ്ങളായ്പ്പോവൊല്ല മേലിലെൻ

നാവുരുവിട്ടിടുമക്ഷരങ്ങൾ;

ആവണമെന്തു,റങ്ങീടുമടുക്കള–

യ്ക്കാവേശമേകാവും ധീരഗാനം.

ചീറ്റട്ടെ വിപ്ലവബോധമേ, നിൻ കൊടും–

കാറ്റെൻ തുടുനിണച്ചാലിലെല്ലാം!

## പ്രവാചിക

1

തിരണ്ടൂ 'താത്രിക്കുട്ടി'; പൂർവ്വികാചാരം നെയ്ത

തിരശ്ശീലകൾ വീണൂ തന്റെ ചുറ്റിലുമപ്പോൾ.

ഒന്നാകെക്കാളിപ്പോയി ബാലിക – പോയോ ദീപ്തി?

തന്നിമ വെട്ടിച്ചപ്പോളറിഞ്ഞൂ – പോയീ ദീപ്തി!

ഉരുകിപ്പോമത്രേ, ഹാ, മേലിൽത്തന്നബലാത്വം

പരപൗരുഷോഷ്മളകിരണമേറ്റാലപ്പോൾ!

2

ആതിര പൂവും ചൂടിക്കാലത്തിൻ പൊന്നൂഞ്ഞാലിൽ,

യാതൊന്നുമറിയാത്ത ഭാവത്തിലാടീ, പാടീ.

ഓട്ടുകങ്കണമിട്ട കൈകളാൽ ചുടുചിന്ത

വാട്ടിയ തളിരിളംകവിളും താങ്ങിച്ചാലേ

അവളപ്പടിഞ്ഞാറ്റക്കിളിവാതിലി•ുമ്പി

ലലസം പുറത്തേയ്ക്കു നോക്കിയങ്ങിനെ നിൽപ്പൂ,

ഉടുത്ത 'കരക്കാരനിണ'യിൽത്തൻകൈ തുന്നി–

വിടർത്ത ചെന്തെച്ചിപ്പൂവിളകീടവേ കാറ്റിൽ.

അകലെത്തുടുപ്പാർന്ന ചക്രവാളത്തിൻ ചുണ്ടിൽ

പകലോൻ പ്രേമാവേശാൽ ചുംബനം പകരുന്നൂ;

മുറ്റുമാഹ്ലാദാൽച്ചിറകുരുമ്മിപ്പാടീടുന്നൂ

മുറ്റത്തെപ്പുളിക്കൊമ്പിൽ രണ്ടിളംകുരുവികൾ;

തൊഴുത്തിൻ ചാരത്തതാ, ശലഭത്തിനെപ്പുൽകി–
ക്കുഴഞ്ഞാടുന്നൂ കൊച്ചുകോളാമ്പിപ്പൂവുംകൂടി!
അവൾക്കും മിഴികളുണ്ടല്ലി! – ഹാ, കാണാകുന്നൂ
കവിളിൽക്കണ്ണീർ, വിണ്ണിൽപ്പൊങ്ങവേ സന്ധ്യാതാരം.

3

അന്നൊരു ഹേമന്തത്തിലുദയം നിരു•ഷം
വന്നെത്തീ കരഞ്ഞല്ലിൽക്കണ്ണടയ്ക്കാതാം മട്ടിൽ.
ആ മിഴിയർദ്ധസ്വാപമീലിതം നിലക്കൊൾകെ–
യാ മലർമുഖത്തശ്രുബിന്ദുക്കൾ തങ്ങിക്കാണ്കെ,
'ശ്രീകോവിലകത്തോ'മൽ 'തേവരെ മുക്കീടുന്നൂ'
കാർകുഴലൊതുക്കാതേ, വിഴുക്കാതീറൻവസ്ത്രം.
പ്രസരിക്കുന്നൂ വടക്കിനിയിൽനിന്നിശ്ശബ്ദ–
മസുഖപ്രദമാകും ഹോമധൂമത്തോടൊപ്പം:
''എത്രയായ് വയസ്സിപ്പോൾ?'' ''മാർഗ്ഗമാവാഞ്ഞിട്ടല്ലേ?''
''എത്രയുണ്ടാവും ദുഃഖം?'' ''തലയിലെഴുത്തല്ലേ?''
കുഴഞ്ഞൂ തൻകയ്യുച്ചമലറും പീഠത്തി•ൽ–
പ്പൊഴിഞ്ഞൂ, പൊടിയായീ ദിവ്യമാം സാളഗ്രാമം.

4

പത്തടി പൊങ്ങീ സൂര്യ,നിരുന്നാളടുക്കള–
ഭിത്തിയിൽച്ചാരിത്താത്രിയാവണപ്പലകയിൽ
കറുകയുഴിഞ്ഞവൾ മാല ചൂടിനാ,ളീർക്കിൽ–
ക്കുറികളിട്ടാൾ – എന്തേ സ്തബ്ധമായുടൻ നേത്രം!
കയ്യിലെക്കണ്ണാടിയിൽ ബിംബിച്ചു കണ്ടൂ നാല–
ഞ്ചിയ്യക്കമ്പികളാഹാ, മിന്നുന്നൂ മുടിക്കെട്ടിൽ
അഞ്ചിയൊന്നമ്പലതന്നാശയ,മാളിക്കത്തു–
മഗ്നിയാലടുപ്പത്തെപ്പാൽപ്പാത്രം തികലുമ്പോൾ.

5

അഴിവാതിലും ചാരി, മൂർദ്ധജം തോളത്തഴി–

ഞ്ഞിഴഞ്ഞീടവേ താത്രി 'ഭാരതം' വായിക്കുന്നൂ;
ഒളികണ്ണിടുകയാണുദ്വിഗ്നസ്വാന്തം വെമ്പി–
പ്പുളയും പതിറ്റടിപ്പൂവിൻനേർക്കതാ, സൂര്യൻ!
ത•നസ്സിങ്കൽത്താന്തം വീണുറങ്ങിടുമേതോ
തപ്തഭാവനയപ്പോൾ ചിറകിട്ടടിയ്ക്കുന്നൂ.
വെളിയിൽത്തരംഗിതാപാരഗംഭീരം കാണായ്
വെളിച്ചം – അവൾക്കങ്ങോട്ടെടുത്തു ചാടാൻ തോന്നീ.
അതിലെക്കടന്നുപോം ദൃഢമാമടിവെപ്പ–
ന്നവളെ സ്വപ്നത്തിൽനിന്നുണർത്തീ പൊടുന്നനെ.
പതറിപ്പാഞ്ഞൂ നീലനീൾമിഴിയിണ, ചെന്നു–
പതിഞ്ഞിതയൽക്കാരൻ'മാത്തു'വിൻ വിരിമാറിൽ;
അറിയാതവളൊന്നു നോക്കിപ്പോയടിമുടി;
യവനുമകാരണമുയർന്നൂ നയനങ്ങൾ.
അയൽപക്കത്തെപ്പാമ്പിൻ കാവിലെക്കുയിലുക–
ളയഞ്ഞൂപാടീ മുഗ്ധനൂതനസങ്കൽപ്പങ്ങൾ.
സ്വർഗ്ഗത്തിൻ നിമിഷങ്ങൾ കാൽ നീട്ടിവെച്ചേ പോയീ
ദുഃഖത്തിൻ നെടുരാത്രി പിന്നെയും നെടുതാവാൻ.
ഞെട്ടിപ്പോയവൾ; ഉടൻ കോണിവാതിൽക്കൽച്ചെന്നു
ചുറ്റുമേ നോക്കീ – ചാരത്താരുമില്ലല്ലോ വേറെ!

6

ഉറക്കെച്ചിരിയ്ക്കണമിന്നവൾക്കോരോന്നോരോ–
ന്നുരിയാടണം കൂട്ടിൽക്കളിയ്ക്കും തത്തമ്മപോൽ.
ഭാസുരസ്മിതവിലാസാഞ്ചിതമെത്തീ, പോയീ
വാസരം, പുളപ്പാർന്ന പെൺകിടാവിനെപ്പോലെ.
പുതുതാരകൾ മാറിൽപ്പൊടിഞ്ഞീടവേ വാനം
ക്ഷിതിയെപ്പുൽകാനായിക്കുനിഞ്ഞൂ പലവട്ടം.
ഇന്നലെയന്തിച്ചോപ്പിൽ കൈപ്പെടങ്ങളാലമ്മ
കണ്ണട വെച്ചിട്ടെ,ന്തോ താത്രിതൻ വക്ഷസ്സാകെ

പരിശോധിച്ചൂ സൂക്ഷ്മം, കുളത്തിൻ കരയിൽവെ–
ച്ചൊരിടിത്തീയന്നേരം പാഞ്ഞുപോയവൾക്കുള്ളിൽ.
വിളറിക്കുഴഞ്ഞൂപോയ്ക്കടിഞ്ഞൂൽപ്പൂക്കൾ കൂമ്പി–
ക്കുളവക്കത്തേ നിൽക്കും കേതകീവനമപ്പോൾ.

7

ആചാരം നിവർത്തിട്ട കൂരിരുൾത്തിരശ്ശീല–
യാചാരം താനേ ചീന്തിയവളെപ്പുറംതള്ളീ.
കോവിലിൽപ്പൊങ്ങും ശംഖധ്വാനവും പള്ളിയ്ക്കുള്ളിൽ–
ത്താവുമമ്മണിയുടെ നാദവുമുഷസ്സിങ്കൽ
അംബരാനന്തത്വത്തിന്നതിരും തകർത്തുകൊ–
ണ്ടന്യോന്യമലിഞ്ഞലിഞ്ഞങ്ങിനെയുലാത്തുമ്പോൾ,
മാത്തുവിൻ മടിത്തട്ടിൽക്കിടന്നു മൂകം ചെവി–
യോർത്തുപോമവളതിലുണ്ണിതൻ ചിരി കേൾക്കും.
പ്രവചിയ്ക്കാറുണ്ടവളിപ്പൊഴും: ''മതത്തിന്റെ
ശവത്തിൽച്ചവുട്ടിപ്പോം ശക്തിയാം മനുഷ്യത്വം.''

## നാളത്തെ ഗാനം

''ശോകമൊഴിഞ്ഞൂ, വിരിഞ്ഞൂ മൃദുസ്മിതം
പാകാഹിതാശതൻ പൂങ്കവിളിൽ;
ചാമീകരാഭമാമാ മഹദൗദാര്യം
ഭൂമിയ്ക്കിന്നാദ്യമായ്ക്കാന്തി ചേർത്തു''
–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം
നാദമെടുത്തു വിതയ്ക്കുമല്ലോ.
''പുഞ്ജിതഹർഷമേ, നിന്നാലിന്നിങ്ങൊരു
പുൽക്കൊടിത്തുമ്പുമനുഗൃഹീതം
വെള്ളിക്കിരീടമണിഞ്ഞവ മുറ്റത്തു
തുള്ളിച്ചിരിച്ചതാ, നിൽക്കയല്ലീ?''
–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം

നാദം പൊടിപ്പിച്ചുയർത്തുമല്ലോ.

‘‘ഉന്നതൗദാര്യമേ, വൻപോരടിയ്ക്കലാൽ

മന്നിനെ ഞെട്ടിച്ച താങ്കൾക്കെന്യേ

അല്ലിൻ രജതകിരീടമഴിപ്പിച്ചി–

പ്പുല്ലിന്നു നൽകുവാനാർക്കു തോന്നും?’’

–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം

നാദത്തെക്കൂമ്പിടുവിയ്ക്കുമല്ലോ.

‘‘മഞ്ജുളാഹ്ലാദമേ, നിന്നാലിന്നിങ്ങെഴും

മന്ദാരപ്പൂവുമനുഗൃഹീതം–

മുറ്റത്തൊരു വെൺപുടവയുടുത്തതു

മുഗ്ദ്ധകലവി മുതിർക്കയല്ലീ?’’

–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം

നാദത്തെപ്പൂവിടുവിയ്ക്കുമല്ലോ.

‘‘പോരിനാലണ്ഡകടാഹം മുഴക്കിയ

ധീരനാമൻപേ, ഹേ, താങ്കൾക്കെന്യേ

പൂവിന്നി,രവിൻ മിനുത്തുവെളുത്തൊരി–

പ്പാവുമുണ്ടേകുവാനാർക്കു തോന്നും?’’

–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം

നാദത്തെ ഹാ, കതിർപ്പിയ്ക്കുമല്ലോ.

‘‘ആ രണം ചാർത്തിച്ച തൂനിണമങ്ങയ്ക്കു

ചാരുവാം കുങ്കുമാലേപമല്ലീ;

അല്ലെങ്കിൽ, ശഷ്പപുഷ്പാഹ്ലാദബാഷ്പത്തിൽ

നിർല്ലയിക്കാനെത്ര നേരം വേണം?’’

–നാളെയിഗ്ഗാനമേ കാറ്റത്തൊരായിരം

നാദമയ്യോ കൊയ്തുകൂട്ടുമല്ലോ.

# ഓമനമകൻ

1

‘‘ജപിച്ചില്ലെങ്കിൽപ്പുറമടിച്ചുപൊളിയ്ക്കും ഞാൻ,’’

ശപിയ്ക്കാൻ കൈച്ചീട്ടുള്ള ഭൂസുരൻ കൽപ്പിച്ചപ്പോൾ,

വിറകൊണ്ടുപോയ് പ്പാവം!‘തന്റേട’മുറയ്ക്കാത്ത

വികലഹൃദയനാം പൈതലിൻ തളിർമേനി;

പാവനത്വത്തിൻ കുരുന്നോമനപ്പൂമൊട്ടല്ലേ,

പാരിന്റെയഴുക്കുകൾ പറ്റാത്ത വിളക്കല്ലേ,

വിണ്ണിന്റെ മടിത്തട്ടിൽത്തപ്പാണികൊട്ടിക്കളി–

ച്ചിന്നലെവരെക്കിടന്നീടിന ശിശുവല്ലേ?

മൂന്നര ചെന്നിട്ടില്ല,കൈവല്യപ്പൊടിപ്പിന്നു

മൂരിയിൽസ്സമ്മാനിച്ചൂ ധീരനാം ഗൃഹനാഥൻ

നാക്കിലെത്തെറിപ്പാട്ടുപെട്ടിയ്ക്കു താക്കോൽ കൊടു–

ത്തൂക്കിട്ടു നാല്പത്തെട്ടു കൊല്ലത്തെച്ചോറിൻ വീര്യം;

ജനനീഹൃദയമോ, കൊത്തപ്പെട്ടപോൽത്തോന്നി

കനലിൽപ്പഴുപ്പിച്ചോരിരുമ്പുകോടാലിയാൽ.

2

വെറ്റിലക്കെട്ടും ധൂപക്കൂട്ടുമായെത്തീ ‘കോന്തു’

മുറ്റത്തു നിന്നിട്ടച്ഛൻ തിരുമേനിയോടോതി:

‘‘ഏഴണച്ചെമ്പിൻകാശു സാമാനത്തിനും പിന്നെ

വാഴയ്ക്കൂന്നിടാൻ കൂലിയെട്ടണച്ചെമ്പിൻകാശും.’’

ബാക്കിയാമൊരണയക്കോലായിൽ വെച്ചിട്ടവൻ

മൂക്കിൽക്കൈ കമിഴ്ത്തിക്കാലിറുക്കിനിലക്കൊൾകെ,

ആ വഴി പാഞ്ഞൂ കൊച്ചുമിടുക്കൻ; പിതാവിന്റെ

ഭാവമപ്പടി മാറി: ‘‘കോന്തുവെത്തൊട്ടൂ കുട്ടൻ;

തീണ്ടരുതെന്നീ വിദ്വാനില്ലല്ലോ– മനശ്ശുദ്ധി

‘തീയപ്പാട’ങ്ങേപ്പുറെപ്പോലുമേ പോമോ പിന്നെ?

മുങ്ങിവാ തലയ്ക്കൊന്നു ഞേടിയെങ്കിലക്കുണ്ടിൽ

മുന്നാഴി–നോക്കിക്കൊണ്ടു പിന്നെയും നിൽപ്പാ ണെന്നോ?''

എത്തിനോക്കിനാളമ്മയസ്വസ്ഥം പുറത്തള–

ഭിത്തിയിൽപ്പതിഞ്ഞഴിവാതിലിൻ പഴുതൂടെ

3

മൂന്നടിവരെച്ചുങ്ങീ നിഴ,ലമ്പലം വിട്ടൂ

കൂന്നുകൂന്നെത്തീ ബാലൻ വാടിയ പൂമെയ്യോടെ;

വാരിയെല്ലിനെച്ചുംബിച്ചോമനവയറേതോ

നീറുന്ന സത്യത്തിന്റെ ചരിത്രം മന്ത്രിയ്ക്കവേ.

വിവശം, മാതാവിന്റെയരയിൽക്കെട്ടിപ്പിടി–

ച്ചവനോതിനാൻ വിമ്മിക്കൺനിറച്ചുംകൊണ്ടേവം:

''മുടക്കുമേകാദശിയിന്നു ഞാൻ; ചാമച്ചോറു

പിടിയ്ക്കില്ലമ്മേ, ഞാനപ്പുഴുങ്ങൽച്ചോറുണ്ണട്ടേ?''

''സമ്മതിയ്ക്കില്ലെന്നുണ്ണീ,'' നെഞ്ചകം കത്തിക്കാളു

മമ്മയിങ്ങിനെ ചൊല്ലീ,''കേൾക്കേണ്ടാ പുറത്താരും.''

മാതൃഹസ്താശ്ലേഷത്തിലമർന്നങ്ങിനെ നിന്നൂ

മാത്രനേരമപ്പൈതൽ സങ്കടമൂകം സ്തബ്ധം.

''ഇമ്മട്ടുമുണ്ടോ തിമിഴ,ടിയ്ക്കുമീതെന്തൊടി?–

അമ്മ മക്കളെത്തെല്ലു മയിറ്റാതിരിയ്ക്കണം;

ഉണ്ണുമോ പുഴുങ്ങൽച്ചോറുണ്ണുമോ? പറ, വേഗം!

കണ്ണു ഞാനൊറ്റക്കുത്തിന്നെ,''ത്തിനാൻ പിതാവുഗ്രൻ!

തുറിച്ചു മിഴി,യൊന്നു വിറച്ചൂ ചൊടി, ചെന്നു–

തറച്ചൂ ചുമരിേ•ൽത്തൻമേനി താനേ ബാലൻ.

4

ആഹ്ലാദത്തിമർപ്പിന്റെ പൊന്നൊളി പരക്കേണ്ടു–

മാഹാര്യമാമഗ്ഗണ്ഡമല്ലലിൻ നിഴൽ വീശി.

കാണുന്നോർ കാണുന്നോരക്കോമളത്തളിരുള്ളം

കാഞ്ഞിടും കഥയോർത്തു തുടച്ചൂ കൺപോളകൾ.

അങ്ങനെ കടന്നുപോയ് നാളുകൾ നിരങ്ങിക്കൊ–

ണ്ട;ച്ഛനോ തേവാരത്തിലാണ്ടുമുങ്ങിയും കൊണ്ടും.

ഈശ്വരൻ ബിംബിയ്ക്കുമീ വദനം കണ്ടീലല്ലോ

ശാശ്വതത്വത്തെത്തേടിപ്പോകുമാ ദ്വിജശ്രേഷ്ഠൻ!

5

അംബരത്തിങ്കൽച്ചുടുകണ്ണുനീർക്കണം വീഴ്കെ–

യംശുമാനെന്തോമൂലമാഴിതൻ കരൾ പൂകീ.

ആരപ്പോൾഗ്ഗായത്രിയിൽ മുഴുകി നിവസിപ്പ–

താത്തിരുമേനിയോടു ചെന്നുണർത്തിച്ചാൻ ഭൃത്യൻ:

‘‘ഓമന കുളത്തിൽപ്പോയ്ച്ചാടിയിട്ട,’’തിൻ ബാക്കി–

യോതീലാ നിരുദ്ധസ്വകണ്ഠനാമവൻ പാവം!

ഇടിവെട്ടേറ്റാൽപ്പോലെ നിന്നുപോയ്ഗ്ഗൃഹാധിപ–

നിടറുമധരം വിട്ടീ വാക്യം നിലംപറ്റി:

‘‘ഇതിനോ ‘ജപിച്ചു’നീ, യിതിനോ ‘ഭജിച്ചു’നീ,–

യിതിനോ ഭുജിച്ചു നീ ചാമയെന്നുണ്ണീ, കഷ്ടം!’’

## ഗവേഷണം

തുടുത്തോരിത്തളിരലർപ്പുടം ചുണ്ടാൽ–

ത്തടവിനിന്നിളംകലയുരചെയ്വൂ:

‘‘മിഴി ചിതറുന്നൂ, ചൊടി കുളുർക്കുന്നൂ,

വഴിയുന്നൂ രക്തസിരയിലുേ•ഷം;

മദന്തരം ദന്തിപ്രവരനെപ്പോലെ

മദിയ്ക്കയും ചെയ്വു മടുമതിർപ്പാലെ!

ഇതിൽക്കുടികൊൾവൂ: വിശുദ്ധസൗന്ദര്യ,–

മിതിലലക്കൊൾവൂ വിമോഹനസത്യം.’’

‘‘അതുവ്വോ?’’ ശാസ്ത്രത്തിൻ മുഖത്തീയത്ഭുതം

വിതുമ്പവെദ്യൂഢകരങ്ങൾ നീളുന്നൂ;

ഇറുത്തെടുക്കലും കഴിയുന്നൂ ചെടി–

യ്ക്കുറന്നോരാസ്മിതമിനുമിനുപ്പിടെ

വളർന്ന നോവിനാൽക്കലതന്നാനനം

വിളറവേ, വിങ്ങിക്കുതിരവേ കൺകൾ

പറിച്ചുടനോരോ പുടവുമേ ശാസ്ത്രം

മുറിയ്ക്കുന്നൂ മിന്നുമിരുമ്പുകത്തിയാൽ.

കുനിഞ്ഞു വീക്ഷിപ്പൂ സ്വ'സൂക്ഷ്മദർശിനി'–

ക്കുഴലുവെച്ചെന്നിട്ടവയിലോരോന്നും.

അവസാനമേവം മറുപടി ചൊൽവൂ:

''ഭവ•തമാകെ പ്രമാദപൂരിതം.''

മലരിൻജീവിതം ഹതമായെന്നോർക്കെ–

ക്കലയ്ക്കു സാധിപ്പീലൊരക്ഷരം മിണ്ടാൻ.

## 'അങ്ങേപ്പാട്ടെ' കാര്യസ്ഥൻ

''അരിയില്ലല്ലോ വെയ്ക്കാൻ!'' സാകൂതമാമിദ്ദീന–

പരിദേവനത്തോടേ മലർന്നൂ മെല്ലേ മെല്ലേ

ഇന്നലെസ്സമ്പത്തിന്റെയുന്നതി മൂകം പാടി–

നിന്നൊരമ്മനയുടെ പൂമുഖകവാടങ്ങൾ.

ചെവിയിൽച്ചേരും പെൻസിലിട്ടതോ!–നിടിലത്തിൽ–

ച്ചെറുരേഖകൾ പൂണ്ടക്കോലായിൽ മൂവന്തിയിൽ

അന്തസ്സിൽ കലാബോധം വിടർത്തുമലരിപ്പൂ

ചിന്തിടും കവിളാർന്നു കുട്ടനങ്ങിനെ നിന്നൂ;

പടിതന്നൊരറ്റത്തെ ദ്രവിച്ച തൂണും ചാരി–

പ്പടിഞ്ഞാറിനോടെന്തോ ചോദിപ്പാൻ വെമ്പും പോലെ.

അറിവാനാവില്ലല്ലോ നോക്ക,ങ്ങേപ്പാട്ടുള്ളോരെ–

ബ്ഭരിക്കുമദ്ദേഹത്തെ നീറ്റിടും വൈഷമ്യങ്ങൾ!

ചാരവേ നിന്നൂ നെൽച്ചാക്കൊന്നു മൂട്ടുമ്പോളൊന്നു–

ചാടിടുമൂശിക്കെട്ടുമാർന്നിലമുറിക്കാരൻ:

''ഇരുളൂമ്പോഴേയ്ക്കെത്തിച്ചീടണമല്ലോ 'കുട്ടൻ–

തിരുമേനി'തന്നില്ലത്തീനെല്ലിന്നീ ഞാൻ തന്നെ!''

ബുദ്ധിമുട്ടുകൾ വാരിക്കെട്ടിക്കൊണ്ടിരുന്നാലേ

വൃദ്ധന്റെ കരളിന്നു സുഖമാവുള്ളൂ–പോരേ!

2

നാലോമൽപ്പെൺമക്കൾതൻ തേങ്ങലാൽ മുഖരമ–

ന്നാലുകെട്ടിനെത്താങ്ങിത്തളർന്ന ഗൃഹനാഥൻ

അങ്ങേപ്പാട്ടമ്മയ്ക്കൊരു 'കുട്ട'നുണ്ടായെന്നോർത്തി–

ട്ടെങ്ങിനെയെല്ലമാനന്ദാശ്രുവിലാറാടീല!

അങ്ങേപ്പാട്ടുള്ളോർക്കെന്നപോലെ തൻ കിടാങ്ങൾക്കു–

മങ്ങിനെയൊന്നല്ലാതേ തണലില്ലല്ലോ വേറെ!

ക്ലേശസങ്കുലമാമജ്ജീവിതമിന്നോ, വെണ്ണീർ

പൂശിയത്തെക്കേമുറ്റത്തുറങ്ങിക്കിടക്കുന്നൂ.

3

പാവമേ, കാഠിന്യത്തിൻ കരളും ദ്രവിപ്പിയ്ക്കു–

മാ വിലാപം താൻ വീണ്ടു, ''മരിയില്ലല്ലോ വെയ്ക്കാൻ!''

കുട്ടനൊന്നിടംകണ്ണിട്ടോതിനാൻ: ''പറഞ്ഞില്ലേ,

കിട്ടുകില്ലരി മേലിൽ കഞ്ഞിവെയ്ക്കാനല്ലാതെ!''

''അങ്ങിനെ പറഞ്ഞാലോ കുട്ടൻ?'' അപ്പൂന്തെന്നലും

വിങ്ങിപ്പോയ്ഗൃഹിണിതൻ നെടുതാം ചുടുവീർപ്പാൽ.

ധിക്കാരമല്ലേ? – തന്നൗദാര്യത്തെ,ക്കടന്നേവ–

മക്രമിച്ചങ്ങേപ്പാട്ടെയമ്മചൊന്നതു കേൾക്കെ,

കാലുറച്ചില്ലാ കുട്ടന്ന,ഭിമാനത്തിൻ മദ്യ–

ശാലവിട്ടെത്തും കണ്ണില്ലായ്മപോലലറീ താൻ.

ഉൾക്കടൽത്തിരമാല ചുണ്ടത്തു തടഞ്ഞൊന്നു–

മുച്ചരിയ്ക്കുവാനാവാതങ്ങിനെ ഭൃത്യൻ നിന്നൂ;

ചൂഴികയിട•ൽ – ആഹാ ഭാഗ്യമേ!–കാണായ്വന്ന

ചൂളമിട്ടീടും ചൂരലൂരിയിട്ടതും വീശി

കടന്നാൻ പുരയ്ക്കുള്ളിൽ ധീരധീരനാം കുട്ടൻ;

പടിഞ്ഞാറർക്കൻ താണുനോക്കിനിന്നതേയുള്ളൂ!

‘‘അരുതേ കുട്ടാ, നീയെന്നുണ്ണിയെന്നല്ലാതേതും

കരുതീലീ’’യാക്രന്ദം ലയിച്ചൂ വിഹായസ്സിൽ.

4

ഉഗ്രമല്ലെ,ന്തായാലും, സംഭവം – അസ്താർക്കന്ന–

വ്യഗ്രനായ് നോക്കിക്കൊണ്ടു നിൽക്കുവാൻ കഴിഞ്ഞില്ലേ?